Reg: No. K. 81

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യാനിരക്ക്
വരിപ്പടിപ്പ്

	പോസ്റ്റ്‌വഴി	പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരത്തൊഴുത്തിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 129 | 1965 മേയ് 17 തിങ്കൾ | തൃശ്ശൂർ | വില 4 പൈസ | പേജ് 2

ചീനയുടെ അണ്വസ്ഫോടനം വെറും പൊങ്ങച്ചം

(പി ടി ഐ) ഹൈദരാബാദ് മെയ് 16 ചീനയുടെ രണ്ടാമത്തെ അണുസ്ഫോടനം ഒരു 'വലിയ പൊങ്ങച്ചം കാണിക്കലാ'ണെന്ന് എയർ വൈസ് മാർഷൽ പട്വർ. എൻ. തോയൽ ഇന്നിവിടെവച്ച് പ്രസ്താവിച്ചിരിക്കുന്നു.

അന്താരാഷ്ട്രീയ സ്ഥിതി അപകടത്തിലേക്ക്

താരനാരു കിന്ദി ഭ്രാന്തനല്ലെന്ന് ലോഹ്യ

(പി ടി ഐ) മദിരാശി, മെ 16

താനൊരു ഹിന്ദി ഭ്രാന്തനാണെന്ന് ദക്ഷിണേന്ത്യൻ ജനതയുടെയിടയിലുള്ള തെറ്റിദ്ധാരണ നീക്കാൻ താനാഗ്രഹിക്കുന്നുവെന്ന് ഡോ: റാം മനോഹർ ലോഹ്യ എം. പി. ഇന്നിവിടെവച്ച് പ്രസ്താവിച്ചിരിക്കുന്നു.

എല്ലാ തീരുമാനങ്ങളും യോജിക്കുന്ന പക്ഷം ഹിന്ദി പ്രദേശത്തെ ജനങ്ങൾ ഒന്നു ഇന്ത്യൻഭാഷയും കൂട്ടായി ഗികഭാഷയായി സ്വീകരിക്കാൻ സമ്മതിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു. ഇംഗ്ലീഷിനെ തീർത്തും കെട്ടുകെട്ടിക്കണമെന്നും മാത്രമേ താൻ വാദിക്കുന്നുള്ളൂ.

....

റഷ്യ സോഷ്യലിസ്റ്റ് രാഷ്ട്രമല്ലെന്ന് ചീന

വിന്നേബാ, (ആകാ) മെ. 16

ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാണെന്ന റഷ്യയുടെ അവകാശവാദത്തെ ഇവിടെ നടന്നവരുന്ന ആഫ്രോ – ഏഷ്യൻ സൊഡിയാറിറി സമ്മേളനത്തിൽ ചൈന വെല്ലുവിളിച്ചിരിക്കുന്നു.

കോങ്കോയിലേയ്ക്ക് ഐക്യരാഷ്ട്രസേനയെ അയയ്ക്കാൻ റഷ്യ വോട്ടുചെയ്തവെങ്ങ് കൂചൈന കുറ്റപ്പെടുത്തി.

(പി ടി ഐ)

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ യു. എൻ. ദൌത്യസംഘം എത്തി

(എ. എഫ്. പി)

സാന്തോഡൊമിങ്കോ മെ. 16

യു. എൻ. സെക്രട്ടറി ജനറൽ യൂതാണ്ടിന്റെ സൈന കോപദ്ദോവായ ഇന്തൻ ജനറൽ ജനുജിത് റിവിയേയുടെ നേതൃത്വത്തിൽ ഒരു അഞ്ചംഗവണ്ട താനേഷണ ദൌത്യസംഘം ഇന്നിവിടെയെത്തിയിരിക്കുന്നു.

അതേസമയം ഈ ദൌത്യസംഘം ഇവിടെ ചിലയിടങ്ങളും ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ സന്നിധഗതികളും പഠിച്ചു കഴിഞ്ഞശേഷമായിരിക്കും റിപ്പോർട്ട് തയ്യാറാക്കുന്നതെന്നാണ് അറിയുന്നത്.

മണ്ടക്കയത്തെ ആസ്പത്രി മെഡി സഹോദരി കൾക്കു വിട്ടുകൊടുത്തു

(പി ടി ഐ) കോട്ടയം, മെ 15

ഇവിടെനിന്നും 30 മൈൽ അകലെയുള്ള മുണ്ടക്കയത്തുള്ള മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് 9 ലക്ഷം രൂ. ചിലവാക്കി നിർമ്മിച്ച് നടത്തിവന്നിരുന്ന ഹോസ്പിറ്റൽ കാത്തലിക്ക് മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സ് എന്ന സന്യാസ സമൂഹത്തിനു വിട്ടുകൊടുത്തതായിരുന്നു.

ട്രാവൻകൂർ റബ്ബർ ആൻറ് ടി എസ്റ്റേറ്റ് കമ്പനി സംഭാവനയായി നൽകിയ 12 ഏക്കർ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ള ഈ ആസ്പത്രിയിൽ 170 കിടക്കകളുണ്ട്.

മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിനുവേണ്ടി റവ: മദർ മഗ്ദലേനാ കൈമാറ സംബന്ധമായ രേഖകൾ ഏറ്റു വാങ്ങി.

ട്രസ്റ്റിനുവേണ്ടി, അതിന്റെ ഡെപ്യൂട്ടി ചെയർമാൻ ജോസ് കല്ലുവയലിൽ, ഓണററി സെക്രട്ടറി ജോജ്ജ് ജോൺ അമ്പേരിൽ, എക്സ്ട്രി: മെമ്പർ എ. വി. ജോൺ എന്നിവർ കൈമാറ്റക്കരാറിൽ ഒപ്പുവെച്ചു.

—

പൂജ നടത്തുന്നതു സംബന്ധിച്ച വഴക്ക് വെടിപ്പിലെത്തി

[പി ടി ഐ] കൽക്കട്ട, മെ. 15

ബർപ്പാർ ജില്ലയിലെ കൽനാ പോലീസ് സ്റ്റേഷനതിർത്തിയിലുള്ള സർഗാരയ് ഗ്രാമത്തിൽ പോലീസ് ഇന്നലെ വെടിവെച്ചതിന്റെ ഫലമായി രണ്ടു പേർക്ക് പരിക്കേറ്റിരിക്കുന്നതായി ഇവിടെ ലഭിച്ച ഒരു റിപ്പോർട്ടിൽ കാണുന്നു.

ജനക്കൂട്ടം അക്രമിച്ചതിനാൽ ചില പോലീസുകാർക്ക് പരിക്കേറ്റുവെന്നും റിപ്പോർട്ടിൽ പറയുന്നു.

പരിക്കേറ്റ രണ്ടു പേരുൾപ്പെടെ 66 പേരെ പോലീസ് അറസ്റ്റ് ചെയ്തു.

നിരോധനം നിലവിലുള്ള ഒരു മത്സ്യപ്പാരമ്പിൽ 200 ഓളം വരുന്ന ഒരു ജനക്കൂട്ടം ട്രിബ്യൂണിയും മറ്റായുധങ്ങളും ധരിച്ചു കടക്കുവാൻ ശ്രമിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു.

മരുമരാമ വിഭാഗക്കാർ ഈ സ്ഥലത്തെ പൂജ നടത്തിയതിനെത്തുടർന്നുണ്ടായ സംഘർഷാവസ്ഥയാണ് ഇവിടെ 144 പ്രാബല്യമാക്കാൻ കാരണമായത്.

—

നെഹ്റു വിചാർ പരിഷത്ത് യോഗം

ഡൽഹി, മെ. 16

നെഹ്റു വിചാർ പരിഷത്ത് ഉപ

ശാസ്ത്രിയുടെ ടെലിവിഷൻ പ്രസംഗം

(റോയിട്ടർ) മോസ്കോ, മെ 16

സോവ്യറ്റ് പ്രധാനമന്ത്രി അലക്സേയി കോസിജിനുമൊത്തു പ്രധാനമന്ത്രി ശാസ്ത്രി ഇന്നു ടെലിവിഷൻ സന്ദർശിക്കുകയാണ്. കോസിജിൻ ഒരു വിദേശാതിഥിയുമൊത്തു സോവ്യറ്റ് യൂണിയനിൽ യാത്രചെയ്യുന്നതു ഇതാദ്യമായിട്ടാണ്.

അന്താരാഷ്ട്രീയ സ്ഥിതിഗതികൾ അപകടമേഖലയിലേയ്ക്കു നീങ്ങുകയാണെന്നു യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പായി സോവ്യറ്റ് ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു പ്രധാനമന്ത്രി ശാസ്ത്രി 400 ലക്ഷം റഷ്യാക്കാരോടായി പറഞ്ഞു.

അദ്ദേഹം തുടർന്നു:–പ്രത്യേകിച്ചും ഇന്തോനേഷ്യയുടെ സമാധാനസ്ഥാപനം സർവ്വോപരി പ്രാധാന്യമർഹിക്കുന്നു. അല്ലെങ്കിൽ മാനവരാശി ഒന്നടങ്കം നശിക്കുകയെന്നാണർത്ഥം.

ഇൻഡ്യയുടെ ചേരിചേരാനയത്തെ റഷ്യ വിലമതിക്കുന്നുവെന്നും റഷ്യയുടെ സമാധാനപരമായ സഹവർത്തിത്വമനോഭാവത്തെ ഇൻഡ്യയും ആദരിക്കുന്നു.

കൊളോണിയലിസത്തിന്റെ അവശേഷങ്ങളായ അങ്കോള, മൊസാംബിക്ക്, റൊഡേഷ്യ എന്നിവ അതിവേഗം ഇടച്ചവീഴ്ക്കപ്പെടും.

ഇന്ത്യയുടെ പ്രാദേശികഭദ്രതയും പരമാധികാരവും സംരക്ഷിക്കാൻ ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. മറ്റേതു രാജ്യത്തിനെതിരായും ഞങ്ങൾ ആക്രമണം നടത്തുകയില്ല.

അന്താരാഷ്ട്രീയ തർക്കങ്ങൾ ചർച്ചകൾമുഖേന പരിഹരിക്കപ്പെടണമെന്ന് നിങ്ങളേപ്പോലെ ഞങ്ങളും വിശ്വസിക്കുന്നു.

കഴിഞ്ഞ ഏട്ടുവർഷങ്ങളായി ഇന്ത്യാ–റഷ്യാ വാണിജ്യം ഏട്ടിരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്ന് ശാസ്ത്രി പറഞ്ഞു.

ലെനിൻഗ്രാഡിൽ

മോസ്കോയിൽനിന്നും ഒരു പ്രത്യേക തീവണ്ടിമാർഗ്ഗം ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രിയും റഷ്യൻ പ്രധാനമന്ത്രി കോസിജിനും ലെനിൻഗ്രാഡിലെത്തിയെന്ന് ടാസ്സ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

....·....

സെൻറ് ഗബ്രിയേൽ ബ്രദർഹുഡിലേക്ക് 49 കുട്ടികൾ

(സ.പ. ലേ) ആലുവാ, മേയ് 15

സെൻറ് ഗബ്രിയേൽ ബ്രദർഹുഡിൽ ചേരുന്നതിനുള്ള അപേക്ഷകൾ പരിഗണിച്ചതിനുശേഷം 49 കുട്ടികൾ കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടതായി ബ്രദർ സ്റ്റാനിസ്ലാവോസ് ബി. എ. ബി. ടി. യുടെ നേതൃത്വത്തിൽ കൊച്ചിൻ എക്സ്പ്രസ്സ് മാർഗ്ഗം കേരളം വിട്ടിരിക്കുന്നു.

7–ാം സ്റ്റാൻഡേർഡിൽനിന്നും പാസ്സായ ഈ കുട്ടികളെ തൃശ്ശിനാപ്പള്ളി, കാശിപ്പെട്ട്, റാഞ്ചി, ഷില്ലോങ്ങ് സ്ഥലങ്ങളിലുള്ള ജൂനിയറേറ്റുകളിൽ ചേർത്തു പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നതായി ബ്രദർ സ്റ്റാനിസ്ലാവോസ് പറഞ്ഞു.

....·....

ചീനയുടെ പരാജയവും വിജയവും

വിന്നേബാ (പ. ആകാ)

(പി. ടി. ഐ) മേയ് 16

ആഫ്രോ–ഏഷ്യൻ സൊളിഡാരിറ്റി സംഘടനയുടെ സ്ഥിരം സെക്രട്ടേറിയറ്റിലെ മറുപക്ഷമായി പാകിസ്ഥാനെ പ്രവേശിപ്പിക്കണമെന്ന ചൈനീസ് നിർദ്ദേശം പരാജയപ്പെട്ടിരിക്കുന്നു. ചൈനയുടെ നിർദ്ദേശത്തിനു ഇൻഡൊനേഷ്യ പിന്തുണ നൽകി.

പാക്കിസ്ഥാനെ പക്ഷം ഘാനാ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

ഇതേ യോഗത്തിൽ വെച്ചു തന്നെ ചൈനീസ് പ്രതിനിധികളും മങ്കോളിയൻ പ്രതിനിധികളും തമ്മിൽ ചൂടുപിടിച്ച വാക്കേറ്റം നടന്നു. ഒരു ചൈനാക്കാരൻ ഒരു മങ്കോളിയാക്കാരനെ വഞ്ചകനെന്നു വിളിച്ചു. ക്ഷമ പാലിക്കാൻ ചെയർമാന് പല തവണ ഇടപെടേണ്ടിവന്നു.

സംഘടനയുടെ അടുത്ത സമ്മേളനം പീക്കിങ്ങിൽവെച്ചു ചേരാൻ സംഘടനാ കമ്മറ്റി നേരത്തെ ചെയ്തുപോൾമാറ്റി മറിക്കാൻ സോവ്യറ്റ് യൂണിയനും ഇന്ത്യയും തെക്കു ആഫ്രി റിപ്പബ്ലിക്കും ചേർന്ന് ശ്രമിച്ചുകൊണ്ടിരിക്കയാണ്.

സമ്മേളനം പീക്കിങ്ങിൽതന്നെ ചേരണമെന്നു ചൈനീസ് പ്രതിനിധികൾ ശഠിച്ചതുകൊണ്ടാണ് സമ്മേളനം നടക്കാതെ പിരിഞ്ഞുപോയത്.

....·....

സ്വർണ്ണപ്പണിക്കാർക്ക് ആനുകൂല്യങ്ങളും

തിരുവനന്തപുരം, മെ. 15

സ്വർണ്ണനിയന്ത്രണപ്പൂട്ടുകളും നടപ്പിൽവന്നതോടെ തൊഴിൽരഹിതരായി തീർന്ന സംസ്ഥാനത്തെ സ്വർണ്ണത്തൊഴിലാളികൾക്ക് ആശ്വാസകരമായ ചെറുകിട തൊഴിലുടമകളും ഉടമസ്ഥരുമായ തുകകൾ ഗവൺമെണ്ട് വായ്പയായി നല്കുകയുണ്ടായി. അധികം മൂലധനമൊന്നുമില്ലാത്ത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനായി സ്വർണ്ണത്തൊഴിലാളികൾ രൂപീകരിച്ച 28 സഹകരണസംഘങ്ങൾക്ക് വായ്പയും ഗ്രാൻറുമായി ഇതുവരെ 153471 ക. ഗവൺമെണ്ട് വിതരണം ചെയ്തിട്ടുണ്ട്. 244 വ്യക്തികൾക്കായി ഇതേകാര്യത്തിന് 98850 ക. കടമായി നൽകപ്പെട്ടു. ഇതിനുപുറമേ, സ്വർണ്ണത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിപണനം ചെയ്യുന്നതിലേക്കായി രണ്ടു കരകൗശല വിദ്യാകേന്ദ്രങ്ങൾക്ക് മാത്രം 52200 ക. രൂ. വായ്പയായി കൊടുക്കുകയുണ്ടായി.

സ്വർണ്ണത്തൊഴിലാളികളുടെ ആശ്രിതരായ പെൺകുട്ടികൾക്കു തുന്നൽപരിശീലനം നൽകുന്നതിനുള്ള പരിപാടിയനുസരിച്ച് 332 പേർക്ക് ഇതിനകം പരിശീലനം നൽകുകയും 175 പേർക്ക് ഫയർപമ്പ് വ്യവസ്ഥകൂടി പ്രകാരം തയ്യൽമിഷ്യനുകൂടി കൊടുക്കുകയും ചെയ്തിട്ടുണ്ട്. 72 പെൺകുട്ടികൾക്ക് ഇപ്പോൾ തയ്യലിലും ഉടുപ്പ് നിർമ്മാണത്തിലും പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. 68 പേർ ഗവർമ്മെൻറ് വക കരകൗശലകേന്ദ്രങ്ങളിൽ പഠിച്ചുവരികയാണ്. തൊഴിൽരഹിതരായ സ്വർണ്ണത്തൊഴിലാളികൾക്ക് സ്റ്റൈപ്പൻറോടെ തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടിയനുസരിച്ച് 155 പേർ പരിശീലനം പൂർത്തിയാക്കുകയും 152 പേർ ഇപ്പോൾ പരിശീലനം കഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. സ്വർണ്ണത്തൊഴിലാളികളുടെ മക്കൾക്ക് പാഠപുസ്തകങ്ങളും സൗജന്യമായി നൽകാനുള്ള പദ്ധതിയനുസരിച്ച് 65,530 രൂപ ചെലവഴിച്ച് 7897 കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി. സംസ്ഥാനത്തെ തൊഴിൽരഹിതരായ സ്വർണ്ണത്തൊഴിലാളികളുടെ എണ്ണം 19,349 ആണെന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇതിൽ 12,699 പേർക്ക് സ്വർണ്ണപ്പണി തുടരാനുള്ള അനുമതി സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

....

തൃശ്ശൂർജില്ലയുടെ നിക്ഷേപലക്ഷ്യം 39 ലക്ഷം രൂപ

തൃശ്ശൂർ മെയ് 15

ദേശീയസമ്പാദ്യ പ്രചാരണത്തിന്റെ തൃശ്ശൂർജില്ലയിൽനിന്നുള്ള ഈ വർഷത്തെ നിക്ഷേപലക്ഷ്യം 39 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനു സഹായകമായ വിധത്തിൽ ജില്ലയിലെ വിവിധ ഉദ്യോഗസ്ഥന്മാർ നിർവ്വഹിക്കേണ്ട മുതലുകളെക്കുറിച്ചു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

....

കേരളകോൺഗ്രസ്സ് കൺവെൻഷൻ സമാപിച്ചു

തൃശ്ശൂരിൽ പ്രകടനവും പൊതുയോഗവും

തൃശ്ശൂർ മേയ് 16

രണ്ടുദിവസമായി ഇവിടെ നടന്നുവന്നിരുന്ന കേരള കോൺഗ്രസ്സിന്റെ സംസ്ഥാനകൺവൻഷൻ ഇന്നു നടത്തപ്പെട്ട പ്രകടനത്തോടും പൊതുസമ്മേളനത്തോടും കൂടി സമാപിച്ചിരിക്കുന്നു.

തേക്കിൻകാട്ട് മൈതാനത്തിൽ മനോഹരമായി തയ്യാറാക്കിയ 'പി. ടി. ചാക്കോ നഗറി'ലാണ് പൊതുസമ്മേളനം നടത്തപ്പെട്ടതു.

കൺവൻഷന്റെ മറ്റു പരിപാടികളെല്ലാം നടത്തപ്പെട്ടതു സി. എം. എസ്. ഹൈസ്കൂൾ ഹാളിലായിരുന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും പ്രത്യേകിച്ചു കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നുമായി ബസ്സുകളിലും കാറുകളിലും ധാരാളംപേർ പ്രകടനത്തിൽ പങ്കെടുക്കുന്നതിനായി ഇന്നലെച്ചന്നുതന്നെ തൃശ്ശൂരിലെത്തിച്ചേർന്നിരുന്നു. വൈകുന്നേരം ആറുമണിയോടുകൂടി സ്വരാജ് റൌണ്ടിനു ചുറ്റുമുള്ള സ്കൂൾ മൈതാനത്തുനിന്നുള്ള പ്രകടനം ആരംഭിച്ചു. കേരളകോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ കെ. എം. ജോർജ്ജ്, സംഘടനാ സംഘാടകൻമാർ. ബി. ഡി. വർഗ്ഗീസ്, ജനറൽ സിക്രട്ടറിമാരായ മി. ആർ. ബാലകൃഷ്ണപിള്ള, മാത്തച്ചൻ കുന്നപ്പിള്ളിക്കുന്നേൽ തുടങ്ങിയവർ ജാഥാക്ക നേതൃത്വം നൽകി. പാർട്ടിയുടെ മഞ്ഞനിറത്തിലുള്ള പതാക ജാഥയിലുടനീളം വഹിച്ചിരുന്നു.

മിനുട്ടിൽ 120 വീതം പാദനിക്ഷേപം എന്ന തോതിൽ കോൽക്കൊണ്ടിരുന്നതു. ജാഥക്ക് ഒരു പോയിൻറ് പിന്നിടുന്നതിനു 9 മിനുട്ടുസമയമെടുക്കുകയുണ്ടായി. ജാഥാംഗങ്ങൾക്കുള്ള കൊടിക്കാലുകൾക്കായി സി. എം. എസ്. സ്കൂൾപരിസരത്തു കൊണ്ടുവന്നകൂട്ടിയിരുന്ന കൊടിക്കാലുകളിൽ ഓരോന്നായി 'അനാഥരായ' നിലയിൽ കിടക്കുന്നതു കാണാമായിരുന്നു.

"നട്ടച്ചന്തക്കു കുരിശുപ"

ജാഥാവേളയിൽ ഇടയ്ക്കിടയ്ക്കു പെയ്ത ചെറുമഴയിൽ ജാഥാംഗങ്ങൾക്കു പരുക്കു പറ്റാതിരിക്കുവാൻ ചിലർ കുടകൾ ചൂടിയിരുന്നതു കാണുവാനിടയായി. ഇതിനെ പരിഹസിച്ചുകൊണ്ടു 'നട്ടച്ചന്തക്കു കുരിശുപ' എന്നു ചിലർ അഭിപ്രായപ്പെടുന്നതും കേൾക്കുവാനിടയായി.

ജാഥ തേക്കിൻകാട്ടിലെത്തിച്ചേർന്നപ്പോൾ സമയം 7 മണിയോടടുത്തിരുന്നു. പന്തലിലും പരിസരത്തും ഉടനീളം പെട്രോമാക്സ് വിളക്കുകൾ ഉയർത്തിപ്പിടിച്ചിരുന്നതു വെന്നതു കൗതുകകരമായിരുന്നു.

സമ്മേളനത്തിന്റെ പ്രധാനവേദികളിൽ പ്രകടനം നടത്തിയശേഷം 'ചാക്കോനഗറി'ൽ ജാഥ എത്തിച്ചേർന്നതിനെ തുടർന്നു പൊതുയോഗം ആരംഭിച്ചു. വമ്പിച്ചൊരുജനക്കൂട്ടം പൊതുയോഗസ്ഥലത്തുതടിച്ചുകൂടിയിരുന്നു. ശ്രീ കെ. എം. ജോർജ്ജാണ് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചതു. സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ ബി. സി. വർഗ്ഗീസ് സ്വാഗതം പറഞ്ഞു. മൈസൂരിലെ ജനതാപാർട്ടി നേതാക്കളായ എസ്. പൊന്നയ്യ, ടി. സുബ്രഹ്മണ്യം, എന്നിവരും ജോസഫ് പാഴിക്കാടൻ, ആർ. ബാലകൃഷ്ണപിള്ള, ഡോ: ജോജ്ജ് തോമസ് തുടങ്ങിയവരും യോഗത്തിൽ പ്രസംഗിച്ചു.

യോഗാനന്തരം 'നീതിമനെറ രക്ത' എന്ന നാടകവും നടത്തപ്പെട്ടു.

ഇന്നുരാവിലെ 9മണിക്ക് പുനഃരാരംഭിച്ച പ്രതിനിധിസമ്മേളനം ഉച്ചക്ക് 12മണിക്ക് പിരിഞ്ഞു. വീണ്ടും രണ്ടുമണിക്ക് ചേർന്ന് നാലുമണിക്കാണ് സമാപിച്ചതു.

രാഷ്ട്രീയപ്രമേയം

ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ വഴിപിഴപ്പിൻനയം അന്താരാഷ്ട്രീയരംഗത്തു ഉമത്തമസൂഹ്യുക്കളെപ്പോലും ശത്രുക്കളാക്കി മാറ്റിയിരിക്കയാണെന്നും കേരളാ കോൺഗ്രസ്സ് പാസ്സാക്കിയ രാഷ്ട്രീയപ്രമേയത്തിൽ പറയുന്നു. വൈകിട്ടത്തെ പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്ന ഗവണ്മെൻറുകൾ ഇന്ത്യയുടെ പരിസരത്തുള്ള രാജ്യങ്ങളുമായി ഉണ്ടാക്കിയിരുന്ന സൌഹൃദബന്ധങ്ങൾ തകർത്തുകൊണ്ടിരിക്കുന്നുവെന്നും ഇതിന്റെ ഫലമായി ഇന്ത്യയുടെ അയൽരാജ്യങ്ങളെല്ലാം ചൈനയുമായി സൌഹൃദബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രമേയം ചൂണ്ടിക്കാട്ടുന്നു.

കേരളാ കോൺഗ്രസ്സ് ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അടിയുറച്ചു നിൽക്കുമെന്നും ഗ്രൂപ്പും അഴിമതിരഹിതവുമായ ഒരു ഭരണം സംസ്ഥാനത്തിനു നൽകാൻ ശ്രമിക്കുമെന്നും പ്രമേയത്തിൽ പറയുന്നു.

22 അമേരിക്കൻ വിമാനങ്ങൾ കത്തിനശിച്ചു

25 അമേ. വൈമാനികരും കൊല്ലപ്പെട്ടു

(റോയിട്ടർ) സായ്ഗോൺ, മെ. 16

ഇവിടെനിന്നും 12 മൈൽ അകലെയുള്ള ബിയൻ ഹോവാ വിമാനത്താവളത്തിലുണ്ടായ ഒരു സ്ഫോടനപരമ്പരയുടെ ഫലമായി 22 അമേ. വിമാനങ്ങൾ കത്തിയെരിഞ്ഞ് നശിക്കുകയും 25 പേർ കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നു.

കൊല്ലപ്പെട്ടവരിൽ ഭൂരിപക്ഷവും അമേ. വൈമാനികരാണെന്ന കാര്യത്തിലും സംശയമില്ല.

സ്ഫോടനം യാദൃച്ഛികമായി സംഭവിച്ചതാണെന്നും ഒളിപ്പോരുകാരുടെ പണിയില്ലെന്നുമാണ് ഔദ്യോഗികവൃത്തങ്ങളിലെ വിശ്വാസം. 37 പേർക്ക് പരിക്കേറ്റിട്ടുണ്ട്. അവരിൽ 9പേരുടെ നില ഗുരുതരമാണ്.

വ്യോമാക്രമണത്തിനുവേണ്ടി തയ്യാറാക്കി നിർത്തിയിരുന്ന ഈ വിമാനങ്ങളിലാണ് തീപിടുത്തമുണ്ടായത്. എല്ലാ സംസ്ഥാനങ്ങളും ഈ നിർദ്ദേശത്തോടു യോജിക്കുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

....·....

ഷേക്കിനെ യഥേഷ്ടം വിഹരിക്കാൻ അനുവദിച്ചതു തെറ്റാണെന്ന് ലീഗ് നേതാവു്

മദ്രാസ്, മേയ് 15

ഇന്ത്യൻ മുസ്ലീം ലീഗ് നേതാവായ ശ്രീ. മഹമ്മദ് ഇസ്മയിൽ, എം. പി; ഷേക്കബ്ദുള്ളയുടെ അറസ്റ്റിനെ സ്വാഗതം ചെയ്തിരിക്കുന്നു. ഹജ്ജു തീർത്ഥയാത്രക്കുശേഷം തിരിച്ചെത്തിയിരിക്കുന്ന ശ്രീ. മഹമ്മദ് ഇസ്മയിൽ, അതിന്നിടയ്ക്കുതന്നെ കശ്മീരുമായി വേണ്ടി ഇന്ത്യാഗവണ്മെണ്ട് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും പിന്തുണ വാഗ്ദാനം ചെയ്തു.

ഷേക്കബ്ദുള്ളയുടെ ദേശീയ വിരുദ്ധ പ്രവർത്തനങ്ങളെ അദ്ദേഹം അപലപിച്ചു. വളരെ മുമ്പുതന്നെ കാശ്മീർ ഇന്ത്യയുടെ ഒരു ഭാഗമായിക്കഴിഞ്ഞതാണെന്നും ഷേക്കബ്ദുള്ളയുടെ നടപടിയാണ് ഇപ്പോഴത്തെ സ്ഥിതിഗതികൾക്കു കാരണമായിത്തീർന്നതെന്നും ശ്രീ. ഇസ്മയിൽ പറഞ്ഞു. ഹജ്ജു തീർത്ഥാടനത്തിനുപോയ ഷേക്കിനെ മറ്റു രാജ്യങ്ങൾ സന്ദർശിക്കാൻ ഇന്ത്യാ ഗവണ്മെണ്ട് അനുവദിച്ചതിനെ അദ്ദേഹം കുറ്റപ്പെടുത്തി.

കച്ച് പ്രദേശത്തെ പാക്കിസ്ഥാനികളുടെ കടന്നുകയറ്റത്തിനും പാക്കിസ്ഥാനുമായുള്ള കഴിഞ്ഞ കുറെക്കൊല്ലങ്ങളായുള്ള പാക്കിസ്ഥാനിലെ ഇന്ത്യാ വിരുദ്ധ നിലപാടിന്റെ വെളിച്ചത്തിൽ അതിർത്തിയിലെ സുരക്ഷണ വ്യവസ്ഥകളും കുറെക്കൂടി ഇന്ത്യാ ഗവണ്മെണ്ട് കർശനമാക്കേണ്ടിയിരുന്നുവെന്നാണ്. (യു. പി. എസ്.)

....·....

ഒല്ലക്കര പഞ്ചായത്തിനു മിച്ചബജറ്റ്

[സ.പ. ലേ.] മണ്ണുത്തി മെയ് 15

പ്രസിഡണ്ട് കെ. ആർ. പാക്കണ്ണിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഒല്ലക്കര പഞ്ചായത്തു യോഗത്തിൽ എക്സ്ടൻഷൻ കാഫിസ്സർ എം. വി. ചന്ദൻ അവതരിപ്പിച്ച '65–'66ലെ ബഡ്ജറ്റ് കൈകാര്യേന അംഗീകരിച്ചിരിക്കുന്നു.

സേലം ഡിസ്ട്രിക്ടിൽ ഒരു ഉരുക്കനിർമ്മാണ ശാലസ്ഥാപിക്കുന്നതിനായി എല്ലാ സൌകര്യങ്ങളുമുണ്ടായിരുന്നിട്ടും കേന്ദ്ര ഗവണ്മെൻറ് അക്കാര്യം പരിഗണിച്ചുവരികയായിരുന്നു എന്നാൽ ശ്രീ. സുബ്രഹ്മണ്യം ഉരുക്കമന്ത്രിയായതിനുശേഷമാണെന്നു പറയപ്പെടുന്നു, ആന്ധ്രയിലെ വിശാഖപട്ടണത്തിൽ ഉരുക്കശാല നിർമ്മിക്കാനുള്ള ശ്രമം ആരംഭിക്കുകയും മദ്രാശിയുടെ കാര്യം പുറംതള്ളപ്പെടുകയും ചെയ്തിരിക്കയാണ്. മദ്രാസ്, ആന്ധ്രാ, മൈസൂർ എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാർ ചേർന്നു നടത്തിയ ചില ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്.

ഈ പരിതസ്ഥിതിയിലാണ് കേന്ദ്ര സഹായകരിപ്പിക്കത്തന്നെയും ഉരുക്കവ്യവസായം സംസ്ഥാനത്താരംഭിക്കാനുള്ള ധീരമായ തീരുമാനമെടുത്തത്. കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരായ ഈ നിക്കത്തെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളും പാർട്ടി വ്യത്യാസമില്ലാതെ പിന്തുണക്കുകയാണ്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധത്തിന്റെ ഭരണഘടനാപരമായ അടിത്തറയെക്കുറിച്ച് തർക്കമുണ്ടാകുന്നതിനുപകരം മദ്രാസിൽ ഒരു ഉരുക്ക വ്യവസായകേന്ദ്രം ആരംഭിക്കാൻ വേണ്ട നടപടികൾ ആരംഭിക്കയാണ് കേന്ദ്ര നേതാക്കൾ ചെയ്യേണ്ടതെന്നാണ് കാര്യജ്ഞാനമുള്ള കേന്ദ്രങ്ങൾ കരുതുന്നതു.

(യു. പി. എസ്.)

....·....

കേന്ദ്രമന്ത്രി ചൊടിക്കുന്നു

മദ്രാസ്, മെ. 15

കേന്ദ്ര ഗവണ്മെൻറിന്റെ സഹായം ലഭിച്ചാലും ഇല്ലെങ്കിലും സംസ്ഥാനത്തു ഒരു ഉരുക്കനിർമ്മാണ ശാലയാരംഭിക്കുമെന്നുള്ള വ്യവസായമന്ത്രി വെങ്കിട്ടരാമന്റെ നിശ്ചയങ്ങളെ ജനങ്ങൾ സർവ്വാത്മനാ പിന്താങ്ങുകയാണ്. എന്നാൽ കേന്ദ്രമന്ത്രി സുബ്രഹ്മണ്യന്റെയും ഈ നടപടി ചൊടിപ്പിച്ചിട്ടുള്ളതായിത്തോന്നുന്നു. ഇതൊരു വഴിപിഴച്

പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്തി

തൃശൂർ ജില്ലാവികസനസമിതിയോഗത്തിൽ സജീവമായ ചർച്ചകൾ

തൃശൂർ, മെയ് 15

തൃശൂർ ജില്ലാവികസനസമിതി ഇന്ന് രാവിലെ കലക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതിപ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ച നടത്തിയിരിക്കുന്നു.

യോഗത്തിൽ ജില്ലാ കലക്ടർ ശ്രീ. എ. ശ്രീധരൻനായർ അദ്ധ്യക്ഷത വഹിച്ചു. പദ്ധതിപ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് ജില്ലാ കലക്ടർ ശ്രീ. ശ്രീധരൻനായർ ചെയ്ത മുഖപ്രസംഗത്തിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ജില്ലയിൽ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി 3,51,64,818 രൂപാ ചിലവുചെയ്തതായി വെളിപ്പെടുത്തി. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിൽ 1,80,23,814 രൂപയും, രണ്ടാംവർഷത്തിൽ 2,16,08,053 രൂപയും മൂന്നാംവർഷത്തിൽ 2,90,40,514 രൂപയുമാണ് വിനിയോഗിച്ചിട്ടുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നാലാമത്തെ വർഷമായ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചത് 3516481 8 രൂപാ ആകെ പ്രസ്തുത വർഷത്തേക്കനുവദിച്ച സംഖ്യയുടെ 96 ശതമാനമാണെന്നും കലക്ടർ പറഞ്ഞു. ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള ധനവിനിയോഗത്തിൽ ഓരോ വർഷവും ക്രമപ്രവൃദ്ധമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും വിവിധ ഇനങ്ങളിലായുള്ള പുരോഗതിയിൽ ഗുരുതൽ സമീകൃതമായ നില കൈവരുത്താൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. മൂന്നാം പഞ്ചവത്സരപദ്ധതിയനുസരിച്ച് കഴിഞ്ഞ നാലു വർഷങ്ങളിലായി തൃശൂർ ജില്ലയിൽ ഇപ്പോൾ ആകെ 10 കോടി 40 ലക്ഷത്തോളം രൂപാ ചിലവു ചെയ്തുകഴിഞ്ഞു. കലക്ടറുടെ പ്രസംഗത്തിനു ശേഷം പദ്ധതി പ്രവർത്തനങ്ങളുടെ ധനവിനിയോഗം സംബന്ധിച്ച് ഇനം തിരിച്ചുള്ള ചർച്ച നടന്നു. ശ്രീ എൻ. കെ. ശേഷൻ, ശ്രീ കെ. കരുണാകരൻ, ശ്രീ. കെ. കെ. ബാലകൃഷ്ണൻ, ശ്രീ. പി. എസ്സ്. എൻ. നമ്പൂതിരി, ശ്രീ. കെ. എസ്സ്. അച്ചുതൻ, ശ്രീ. വി. കെ. കുമാരൻ, ശ്രീ. പി. എസ്സ്. നമ്പൂതിരി, ശ്രീ. കെ. സി. എം. മേത്തർ തുടങ്ങിയുള്ള അനൗദ്യോഗിക അംഗങ്ങളും ചർച്ചയിൽ സജീവമായി പങ്കെടുത്തു.

നോൺ കമ്മ്യൂണിസ്റ്റ് റാഡിക്കൽ സ്കൂൾ പ്രകാരം വിദ്യുച്ഛക്തി വിതരണം നടത്തുന്നതിന് തദ്ദേശ പ്രദേശത്തെ ഉപഭോക്താക്കളിൽനിന്നും ഉപഭോക്തൃത്തിയിട്ടുള്ളതായി കലക്ടർ യോഗത്തെ അറിയിച്ചു. കുട്ടിക്കൃഷി സഹകരണ സംഘങ്ങളുടെ മുന്നാമാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തികൊണ്ടുള്ള സഹകരണ ഡെപ്യൂട്ടി രജിസ്ട്രാറുടെ റിപ്പോർട്ടിനെക്കുറിച്ചും ചർച്ചചെയ്തുകയുണ്ടായി. തുടർന്ന് പ്രത്യേക കാര്യങ്ങൾക്കായുള്ള ചില ഉപസമിതികൾ രൂപീകരിക്കുകയും, ഭക്ഷ്യോപദേശക സമിതിയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് നാലു അംഗങ്ങളെ നോമിനേറ്റ് ചെയ്യുകയും ചെയ്തു. ഈ വർഷം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖകൂടി ആരംഭിക്കുന്നതിനും ജില്ലയിലെ ചില പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം ചെയ്യുന്നതിനും മറ്റുമുള്ള പദ്ധതികൾക്ക് ഡി. സി സി. അംഗീകാരം നൽകി.

.....

100 പുതിയ ബസ്സുകൾ റോഡ് ട്രാൻസ്പോർട്ട് കാർപ്പറേഷൻ വാങ്ങുന്നു

തിരു. മേ. 15

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കാർപ്പറേഷൻ 100 പുതിയ ബസ്സുകൾകൂടി വാങ്ങുന്നതിനു തീരുമാനിച്ചിരിക്കുന്നു.

1965–66 സാമ്പത്തികവർഷത്തിലേയ്ക്കു മൂലധനച്ചിലവുള്ള പരിപാടികൾ തയ്യാറാക്കേണ്ടതിനു ഏഴുപത്തഞ്ചുലക്ഷംരൂപ കാർപ്പറേഷൻ അതിന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സ്റ്റിയറിംഗ്കോം, ഗാന്ത്രേക്കോം, വക്ക്ഷാപ്പ്, ട്രാഫിക്കിലക്കെടുക്കൽ, പത്രക്കാരുടെയും ജീവനക്കാരുടെയും സുഖസൗകര്യങ്ങൾക്കും തുടങ്ങിയ പരിപാടികൾക്കുവേണ്ടി ഈ തുക വിനിയോഗിക്കുന്നതാണ്.

റയിൽവേയുടെ കാൺടിബ്യൂഷനായി ഒരു കോടി രൂപയും ഗവർമ്മെണ്ടിന്റെ ഡി പ്രിസിയേഷൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും റോഡ് ട്രാൻസ്പോർട്ട് കാർപ്പറേഷനു ലഭിക്കുന്നതായിരിക്കും.

കോട്ടയം, എറണാകുളം, പാലക്കാട് ആലപ്പുഴ, തൃശൂർ കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള പുതിയ കരാറുകളിൽ കാർപ്പറേഷൻ ബസ്സുകൾ ഓടിക്കുന്നതിനുള്ള അനുമതി ഗവർമ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി ലഭിക്കുന്നതിനാവശ്യമായ നിയമപരമായ നടപടികളും പൂർത്തിയായി. അനുമതി ഉത്തരവായാൽ കാർപ്പറേഷൻ ഈ റൂട്ടുകളിൽ ബസ്സുകൾ ഓടിച്ചുതുടങ്ങും.

—o—

തലസ്ഥാനത്തുനിന്ന്

സ. ലേ മെയ്. 15.

കേരള പ്രതിരോധോല്പാദനവകുപ്പു മന്ത്രി ശ്രീ. എം. എം. തോമസ്സ് മേയ് 18 നു കാലത്തു ഇവിടെ എത്തിച്ചേരുന്നതാണ്. മേയ് 19–നു അദ്ദേഹം തിരിച്ചുപോകും.

വിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. പി. ടി. ഉമ്മൻകോശൻ മേയ് 17–ാം തീയതി മുതൽ ഒരു മാസത്തെ അവധി അനുവദിച്ചിരിക്കുന്നു. അവധിക്കാലത്തു്, ഡയറക്ടറേറ്റ് എഡ്യൂക്കേഷൻ ഇൻസ്പെക്ടർ ശ്രീ എ. കെ. നാരായണൻമാസ്റ്റർ വിദ്യാഭ്യാസ ഡയറക്ടറുടെ ജോലികൾകൂടെ നിർവഹിക്കുന്നതാണ്.

ഡോ. സ്മാരകനിധി

ഡോക്ടർ രാജേന്ദ്രപ്രസാദിന്റെ സ്മാരകനിധിയിലേക്കു സംഭാവനചെയ്യുവാൻ ഡൽഹിയിലുള്ള പ്രമുഖവ്യക്തികളിൽനിന്നും പിരിച്ചുകൊണ്ടിരുന്ന 'ജവഹർലാൽ നെഹ്റു സ്മാരകനിധി മേഖലാസബ' കമ്മിറ്റിയുടെ യോഗം മേയ് 17–ാം തീയതി മുതൽ ഡൽഹിയിൽ കൂടുന്നതാണ്. കലക്ടറേറിലെ കോൺഫറൻസ് ഹാളിൽ കൂടിയ ജില്ലാ വികസനസമിതി യോഗത്തിൽവച്ചാണ് ഈ സമ്മാനപത്രം നൽകപ്പെട്ടിട്ടുള്ളത്.

വിദ്യാർത്ഥികൾക്കു സമ്മാനം

സഹകരണം, പഞ്ചായത്തുരാജ് എന്നീ വിഷയങ്ങളിൽ നടത്തപ്പെട്ട പ്രബന്ധമത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് ഇന്നു് ജില്ലാ കലക്ടർ സമ്മാനങ്ങൾ നൽകി.

—

കോഹിമയിൽ ശക്തിക്കുടിയ റേഡിയോസ്റ്റേഷൻ

ന്യൂഡൽഹി, മേ. 14

അതിർത്തിപ്രദേശത്തെ വാർത്താവിനിമയോപാധികൾ വികസിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നാഗാലാൻഡിലെ കോഹിമ റേഡിയോസ്റ്റേഷനെ ഒരു 50 കിലോവാട്ട് സ്റ്റേഷനാക്കി ഉയർത്തുന്നതാണ്. പ്രാരംഭനടപടികളെല്ലാം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഒരു വിദേശസംഘം ന്യൂഡൽഹിയിൽനിന്നും ഈയിടെ കോഹിമയിലെത്തി വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി.

(യു. പി. എസ്)

അടിപ്പിടിക്കേസ്സ്

[സ്വ. ലേ] തൃശൂർ മെ. 15

കണ്ടുകാടിനടുത്തു് കട്ടിളപ്പുവം പള്ളിക്കു സമീപംവെച്ച് ഇന്നലെയുണ്ടായ ഒരു സംഘട്ടനത്തിൽ പരിക്കേറ്റ ഉമ്പിക്കൈലി (48), മകൻ വക്കി [28], അമ്പാട്ട് വർഗീസ് [35], കര്യാപ്പുൻ (45) എന്നിവരെ തൃശൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ഇവരിൽ വക്കിയുടെ തലയ്ക്കും പരുക്കുണ്ട്. പുലക്കണ്ടു് ഇരുവെച്ചങ്ങായ മറ്റൊരാൾ പിടിയെ തുടർന്നു് ജോസഫ് എന്നൊരാളെ പരിക്കേറ്റ നിലയിൽ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

... o ....

റേഡിയോ

മേയ് 17 തിങ്കൾ

തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ,

454.5, 441.2, 517.2 മീറ്റർ

കാലത്തു്

6–30 മംഗളവാദ്യം
6–35 അറിയിപ്പുകൾ
6–40 വാർത്തകൾ ഇംഗ്ലീഷിൽ
6–45 ഉഷഗീതം
7–15 ഇന്നത്തെ ചിന്താവിഷയം
7–20 ഭക്തിഗീതം
7–30 വാർത്തകൾ മലയാളത്തിൽ
7–45 ഗാനമാലിക
8–00 വാർത്തകൾ ഇംഗ്ലീഷിൽ
8–15 വാദ്യവൃന്ദം
8–45 സമാപനം

ഉച്ചതിരിഞ്ഞു്

12–30 പ്രാദേശികവാർത്തകൾ
12–35 വ്യവസായത്തൊഴിലാളികൾക്കു്
1–05 വാദ്യവൃന്ദം
1–20 വാർത്തകൾ മലയാളത്തിൽ
1–30 ലളിതഗാനങ്ങൾ
1–40 വാർത്തകൾ ഹിന്ദിയിൽ
1–50 സുഗമസംഗീതം
2–00 കാലാവസ്ഥാറിപ്പോർട്ട്
5–30 വാദ്യവൃന്ദം
6–00 പ്രാദേശികവാർത്തകൾ
6–05 പ്രാദേശികവാർത്തകൾ
6–15 നാടൻപാട്ടുകൾ
7–00 എഴുത്തുപെട്ടി
7–10 ചലച്ചിത്രഗാനങ്ങൾ
7–30 വാർത്തകൾ മലയാളത്തിൽ
7–45 നാഗസ്വരം
8–55 ഡൽഹിയിൽനിന്നു്
9–00 വാർത്തകൾ ഇംഗ്ലീഷിൽ
9–15 വാർത്താതരംഗിണി
9–30 സാഹിത്യരംഗം
10–00 വാദ്യവൃന്ദം
10–30 വാർത്തകൾ ഇംഗ്ലീഷിൽ
10–35 സമാപനം

—

ആലപ്പുഴ വാർത്തകൾ

(സ്വ. ലേ.) മെയ് 15

റേഷൻ വ്യാപാരികൾക്കു് പിഴ ശിക്ഷ

പരിശോധനാവേളയിൽ സ്റ്റോക്കിലുള്ള അരി, ഗോതമ്പു്, പഞ്ചസാര മുതലായവയുടെഅളവിൽ കുറവുകണ്ടതിനെത്തുടർന്നു് തെക്കൻ ആര്യാട്ടു് റേഷൻ വ്യാപാരി ശ്രീ: വി. കെ കുട്ടപ്പനു് 150 രൂപയും, കൃഷ്ണപുരത്തെ റേഷൻ വ്യാപാരി ശ്രീമതി ഭവാനിയമ്മയ്ക്കും പുന്നപ്ര 181–ാംനമ്പർ സപ്ലൈസ് സഹകരണസംഘം സെക്രട്ടറിക്കും, വാടയ്ക്കൽ 1826–ാംനമ്പർ സപ്ലൈസ് സഹകരണസംഘം സെക്രട്ടറിക്കും 15 രൂപാവീതവും ജില്ലാ സപ്ലൈ ആഫീസർ പിഴയിട്ടിരിക്കുന്നു. കൂടാതെ മേല്പറഞ്ഞ എല്ലാ വ്യാപാരികളിൽനിന്നും കുറവുകണ്ട സാധനങ്ങളുടെ മൂന്നിരട്ടി വിലയും വസൂലാക്കുന്നതാണു്.

വ്യവസായിക ഉല്പന്നങ്ങളുടെ ആവശ്യമുണ്ടു്

മദ്രാസ്, പേരമ്പാവൂർ ഇന്റഗ്രിൽ കോച്ചു ഫാക്ടറിയുടെ ആവശ്യത്തിലേയ്ക്കുവേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകളിൽനിന്നും വാങ്ങാനുദ്ദേശിച്ചുള്ള ഏതാനും വ്യവസായികോല്പന്നങ്ങളുടെ ഒരു ലിസ്റ്റ് ജില്ലാ വ്യവസായ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി ജില്ലാ വ്യവസായ ആഫീസർ അറിയിച്ചിരിക്കുന്നു. പ്രസ്തുത ഉല്പന്നങ്ങൾ സപ്ലൈ ചെയ്യാൻ കഴിവുള്ള ആലപ്പുഴ ജില്ലയിലെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി ജില്ലാ വ്യവസായ ആഫീസറെ സമീപിക്കാവുന്നതാണ്.

കന്നകാലിരോഗത്തിനെതിരായി കുത്തിവെയ്പ്പ്

ഈ അടുത്തകാലത്തായി കുട്ടനാട്ടിലെ കന്നകാലികളെ ബാധിച്ചുകൊണ്ടിരിക്കുന്ന 'റിൽഡർപെസ്റ്റ്' അഥവാ കന്നകാലിപ്ലേഗ്, എന്ന രോഗത്തെ ഫലപ്രദമായി തടയുന്നതിലേയ്ക്കായി മങ്കൊമ്പു വികസന ബ്ലോക്കിതിരിയിലുള്ള എല്ലാ ഗ്രാമസേവക സർക്കിളിലും വച്ചു് ദിവസവും കന്നകാലികൾക്ക് സൌജന്യമായി കുത്തിവയ്പു നടത്തുന്നതാണെന്നു് ബി. ഡി. ഓ. അറിയിക്കുന്നു കഠിനമായ പനിയും വയറിളക്കവുമാണ് പ്രസ്തുത രോഗത്തിന്റെ പ്രധാനലക്ഷണങ്ങൾ. ഏതെങ്കിലുംകന്നകാലിക്ക് ഈ ലക്ഷണങ്ങളോടെക്ഷയരോഗംബാധിച്ചതായി കണ്ടാൽ ഉടൻതന്നെ വിവരം അടുത്തുള്ള ഗ്രാമസേവകനേയോ ബ്ലോക്കിലെ മൃഗാശുപത്രിയിലോ അറിയിച്ചു് പ്രതിരോധ നടപടികൈക്കൊള്ളേണ്ടതാണ് പൊതുജനാരോഗ്യം കഴിയുന്നതും വേഗത്തിൽ അവരുടെ എല്ലാ കന്നുകാലികൾക്കും കുത്തിവെയ്പു നടത്തി രോഗബാധയെ തടയുന്നതു് നല്ലതാണ് കോഴിവസൂരിക്കെതിരായും എല്ലാ ഗ്രാമസേവക സർക്കിളിലും വച്ചു് കുത്തിവയ്പ് നടത്താനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ടെന്നും ബി ഡി. ഓ. യുടെ അറിയിപ്പിൽ പറയുന്നു.

....

വ്യാമാതിർത്തി ലംഘനങ്ങൾ പാക്കിസ്ഥാനു് ഇന്ത്യയുടെ പ്രതിഷേധ കുറിപ്പു്

(പി ടി) ന്യൂഡൽഹി, മേ 15

ഏപ്രിൽ 29നും മേയ് 3നും മദ്ധ്യേ പാക്കിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തി13പ്രാവശ്യം ലംഘിച്ചതിനെതിരായി ഇന്ത്യ പാകിസ്ഥാനോടു് ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. ഇതിൽ മിക്കലംഘനങ്ങളുംറാൺ ഓഫ് കച്ചിലാണു് നടന്നിട്ടുള്ളതു്.

മേയ് 10ഉം, 11ഉം, തീയതികളിലായി നൽകിയ 2 വ്യവസ്ഥകുറിപ്പുകളിലാണു് ഇന്ത്യ പാക്കിസ്ഥാനോടുള്ള പ്രതിഷേധം അറിയിച്ചതു്. ഭാവിയിൽ ഇന്ത്യൻ വ്യോമാതിർത്തിയിൽ ലംഘനങ്ങളുണ്ടാകില്ലെന്ന ഉറപ്പു് വരുത്തുന്നതിനുള്ള നടപടികളും ഉടനെ എടുക്കണമെന്നു് ഇന്ത്യാ ഗവണ്മെണ്ടു് പാക്കിസ്ഥാനോടു് ഈ കുറിപ്പുകളിൽ ആവശ്യപ്പെട്ടിട്ടുണ്ടു്.

പത്രാധിപക്കുള്ള കത്തു്

കേരളാ കോൺഗ്രസ്സും കൂടിയിരിക്കും

സർ,

കേരളാ കോൺഗ്രസ്സിന്റെ സംസ്ഥാനസമ്മേളനം അംഗീകരിച്ചിരിക്കുന്നതായി 16–5–65–ലെ 'എക്സ്പ്രസ്സ്' പത്രത്തിൽ കണ്ട ഒരു പ്രമേയത്തിൽ കൂടിയിരിക്കുന്നതിനെ സംബന്ധിച്ചു് താഴെ കാണുന്ന ഒരു ഭാഗം വായിക്കാനിടയായി.

"വനപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിട്ടുള്ളവരെ കുടിയിറക്കാനുള്ള ഒരു പരിശ്രമം പ്രസിഡണ്ടഭരണത്തിന്റെ മറവിൽ ചില കേന്ദ്രങ്ങൾ നടത്തുന്നതിൽ ഉൽക്കണ്ഠപ്രകടിപ്പിക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഗവണ്മെണ്ടു വരുന്നതുവരെ അത്തരം നടപടികളും നിർത്തിവെയ്ക്കണമെന്നു് ആവശ്യപ്പെടുന്നതും അനിവാര്യമായ സാഹചര്യങ്ങളിൽ കുടിയിറക്കു് വേണ്ടിവരികയാണെങ്കിൽ കുടിയേറിപ്പാക്കുന്ന കർഷകർക്കു് പകരം ഭൂമിയും ചമയവിളയും മറ്റാനുമുല്യങ്ങളും നൽകണമെന്നു് നിർദ്ദേശിക്കുന്നതുമായ മറ്റൊരു പ്രമേയവും പ്രതിനിധി സമ്മേളനം പാസ്സാക്കി."

പ്രമേയത്തിന്റെ ഈ ഭാഗം വായിച്ചപ്പോൾ, ഭിക്ഷയാചിച്ചുവന്ന ഒരു ഭിക്ഷക്കാരനോടു് "ഒന്നമില്ല പൊയ്ക്കോളൂ" എന്നു പറഞ്ഞു് അയാളെ മടക്കിയയച്ച മന്ത്രമകളെ "നിനക്കെന്തെടീ ഇല്ലെന്നു പറയാൻ അധികാരം, ഞാനിരിക്കുമ്പോൾ?" എന്നു ചോദിച്ചു് കണക്കിനു ശാസിച്ച ഒരമ്മായിയമ്മയുടെ കഥയാണു് ഓർമ്മയിൽ വന്നതു്. മടമ്മിപ്പോയ ഭിക്ഷക്കാരനെ വീണ്ടും വിളിച്ചുവരുത്തി "ഉം....ഒന്നമില്ല പൊയ്ക്കോളൂ" എന്നു് ഉറപ്പുപരത്തിൽ ഒന്നാക്രോശിച്ചുപ്പാം മാതൃകേ ഈ അമ്മായിയമ്മക്കു് ആശ്വാസമായുള്ള.

പ്രമേയം പാസ്സാക്കിയവരും അവരുടെ ആരാധനാമൂർത്തിയായ പി. ടി. ചാക്കോയും കൂടി അധികാരം പകിട്ടനുഭവിച്ചുകൊണ്ടിരിക്കുമ്പോഴാണല്ലോ കേരളത്തിൽ ക്രൂരമായ പല കുടിയിറക്കുകളും നടന്നതു്. ഇപ്പോൾ ഇവർ അധികാരത്തിലില്ലാത്തതുകൊണ്ടു് ഗവണ്മെണ്ടിനു് കുടിയിറക്കാൻ അധികാരമില്ലെന്നും ഇവർ വീണ്ടും അധികാരത്തിൽ വന്നിട്ടു് ഇറക്കിക്കൊള്ളാമെന്നും അർത്ഥം.

തൃശൂർ, മേയ് 16. കെ. വി.

പേന പിടിക്കുന്ന കരങ്ങളിൽ കൈക്കോട്ടുകൾ

ചെത്തിപ്പുഴയിൽ കലാലയവിദ്യാർത്ഥികളുടെ സോഷ്യൽവർക്ക് ക്യാമ്പ് ആരംഭിച്ചു

(സ്വ പ്ര) ചങ്ങനാശ്ശേരി, മെ. 16

അഖിലേന്ത്യാ കാത്തലിക് സ്റ്റുഡന്റ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സോഷ്യൽവർക്ക് ക്യാമ്പ് ഇവിടെ ചെത്തിപ്പുഴയിൽ ആവേശകരമായി നടന്നവരുന്നു.

സെൻറ് ജോസഫ്സ് കോളേജ്, ബാങ്കളൂർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം, ഫാത്തിമാ കോളേജ്, കൊല്ലം, ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, സെൻറ് ബർക്കുമാൻസ് കോളേജ്, ചങ്ങനാശ്ശേരി, കുര്യാക്കോസ് ഏലിയാസ് മൈമോറിയൽ കോളേജ് മാന്നാനം, സെൻറ് പീറ്റേഴ്സ് സെമിനറി ബാങ്കളൂർ. സെൻറ് തോമസ് സെമിനറി, പാറേൽ എന്നീ വിദ്യാർത്ഥ സ്ഥാപനങ്ങളിലെ 50ൽ പരം വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ടു്.

ക്യാമ്പിനു നേതൃത്വം നൽകുന്ന വരിൽ റവ. ഫാദർ കുടവിൽ (പാളയം കോട്ട് കോളേജ് പ്രിൻസിപ്പൽ), ശ്രീ. മാത്യു ഫെലിക്സ് എം. കോം (മാർ ഇവാനിയോസ്), ശ്രീ. പി. ജെ. ജോബ് എം. എസ്സ്സി (എസ്സ്. ബി. ചങ്ങനാശ്ശേരി), റവ. ഫാദർ സിറിക്ക് എസ്സ്. ജെ. (മദ്രാസ് ലയോള കോളേജ്) എന്നിവരുൾപ്പെടുന്നു. ഫാദർ സിറിക്കത്തന്നെയാണു് ഈ വർഷക്യാമ്പ് പ്രസ്ഥാനത്തിന്റെ ജനയിതാവു്.

ക്യാമ്പ് പരിപാടികൾ രാവിലെയുള്ള ദിനചര്യകൾക്കശേഷം 8 മണിക്കു് ആരംഭിക്കും. 8 മുതൽ 11–30 വരെ ചെത്തിപ്പുഴ–വടക്കേക്കര റോഡ് (ഉദ്ദേശം 6 ഫർലോങ്ങ്) നന്നാക്കുന്ന പണിയിലേർപ്പെടുന്നു. കുണ്ടും കുഴിയും നിറഞ്ഞ ഈ വഴിയുടെ പണി പൂർത്തിയാവുമ്പോൾ ഇതു് കുന്നാന്തരമൊരു റോഡായി രൂപാന്തരപ്പെടും. സാധാരണഗതിയിൽ ഉദ്ദേശം 6000രു. യെങ്കിലും ചിലവുചെയ്യേണ്ട ഒരു പണിയാണിതെന്നു പ്രസ്താവ്യമാണു്.

ഉച്ച കഴിഞ്ഞു് നാലുമണി മുതൽ സെൻറ് തോമ്മസ് മിഷ്യൻഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള പൂന്തോട്ടത്തിനുവേണ്ടിയുള്ള സ്ഥലം അവർ ലവൽചെയ്യുന്നു. കലാലയങ്ങളിലെ ഈ കൊച്ചു കുമാരന്മാർ കൈക്കോട്ടും മണ്ണുനിറച്ച കുട്ടകളുമായി എരിവെയിലത്തു് വിയർപ്പുചിന്നി പണിയെടുക്കുന്നതു കാണുമ്പോൾ രോമാഞ്ചമാണുണ്ടാവുക. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഇടപെടുവാനുള്ള സംസ്കാരസമ്പന്നതയും പാകതയും യുവതലമുറക്കു് ലഭ്യമാക്കുകയാണു് ഇത്തരം ക്യാമ്പുകളുടെ ഉദ്ദേശമെന്നു് ക്യാമ്പിന്റെ ഒരു വക്താവ് പറഞ്ഞു.

പുറത്തുള്ള പണികഴിഞ്ഞിടയിലുള്ള സമയം ക്യാമ്പംഗങ്ങൾ സാസ്കാരിക പഠനത്തിനായി ഉപയോഗിക്കുന്നു. ഇന്ത്യയുടെ വിദേശനയം, ഞാൻ പ്രധാനമന്ത്രിയാണെങ്കിൽ, സിനിമായും യുവജനങ്ങളും, മിശ്രവിവാഹം, സ്ത്രീധനം, പ്രേമവിവാഹം, പ്രസംഗകല എന്നിത്യാദി വിഷയങ്ങളെക്കുറിച്ച് വിജ്ഞാനപ്രദങ്ങളായ ചച്ചകളും പ്രഭാഷണങ്ങളും ക്യാമ്പിനോടനുബന്ധിച്ചു് നടത്തപ്പെടുന്നുണ്ടു്. കൂടാതെ കലാപരിപാടികളും ഇവർ സംഘടിപ്പിക്കുന്നു. എല്ലാ പരിപാടികളുടെയും രൌതുകം വിദ്യാർത്ഥികൾക്കുതന്നെ നൽകി ഒരു നേതൃത്വപരിശീലനംകൂടി ഈ ക്യാമ്പിനോടനുബന്ധിച്ചു നൽകപ്പെടുന്നുണ്ടു്. നാട്ടുകാരുടെ അകമഴിഞ്ഞ അഭിനന്ദനങ്ങളും സഹായസഹകരണങ്ങളും ഇവർക്കു ലഭിക്കുന്നുണ്ടു്.

ബി. എസ്സ്. എസ്സ്. എന്നും എൻ. ഇ. എസ്സ്. ബ്ലോക്കെന്നും പറഞ്ഞു് അനേകായിരം രൂപാ ഗവണ്മെൻറകം പാരിക്കോരി ചെലവഴിക്കുമ്പോഴും ഒരു പൈസാപോലും ഇങ്ങനെയുള്ള ക്യാമ്പുകൾക്കുവേണ്ടി നാട്ടുടെ ഗവണ്മെൻറകം നൽകുന്നില്ലായെന്നു് ലജ്ജയോടുകൂടി വേണം സ്മരിക്കുവാൻ.

....

30ലക്ഷം ക. കൂടി

(പി. ടി. ഐ)

തിരുവനന്തപുരം മെയ് 15

കേരളത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കുവേണ്ടി ഈ വർഷത്തേയ്ക്കു് കേന്ദ്ര ഗവർമ്മെണ്ടു് 30 ലക്ഷം രൂപാ കൂടുതൽ അനുവദിച്ചിരിക്കുന്നു. നേരത്തേ 150 ലക്ഷം ക. അനുവദിച്ചിട്ടുണ്ടു്.

—

സ്വർണ്ണപണിക്കാരുടെ പുനരധിവാസപദ്ധതി

(സ്വ. പ്ര.) പാലക്കാടു് മെ. 16

1965 ഏപ്രിൽ മാസത്തിൽ സ്വർണ്ണപണിക്കാരുടെ പുനരധിവാസം സംബന്ധിച്ചു് പാലക്കാടു് ജില്ലാ വ്യവസായ വകുപ്പു്, തൊഴിൽരഹിതരായ സ്വർണ്ണപണിക്കരുടെ കുടുംബങ്ങളിൽപ്പെട്ട 42 വിദ്യാർത്ഥിനികൾക്കു് തയ്യലും വസ്ത്രനിർമ്മാണവും സംബന്ധിച്ച പരിശീലനകേന്ദ്രത്തിൽവച്ചു് മൂന്നുമാസത്തെ പരിശീലനം നല്കിയിരിക്കുന്നു. ഈ കേന്ദ്രത്തിലെ അഞ്ചാംബാച്ചിലെ പരിശീലകർ 1965 ഏപ്രിൽ അവസാനത്തോടെ തങ്ങളുടെ പരിശീലനം പൂർത്തിയാക്കിയിരിക്കുന്നു. ജില്ലാ വ്യവസായ വകുപ്പിന്റെ കലവക്കോട്ടുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പരിശീലനകേന്ദ്രത്തിൽവച്ചു്, സ്വർണ്ണപണിക്കാരുടെ കുടുംബത്തിൽപെട്ട അഞ്ചു് വിദ്യാർത്ഥികൾ വ്യവസായോൽപ്പാദനം സംബന്ധിച്ച പരിശീലനം നേടികൊണ്ടിരിക്കുന്നു.

....

ക്രാഫ്ട് അദ്ധ്യാപക യോഗം

തലശ്ശേരി, മെയ് 15

ഉത്തര കേരള ക്രാഫ്ട് ടീച്ചേഴ്സ് യൂനിയൻ തലശ്ശേരി ബ്രാഞ്ചിന്റെ ഒരു യോഗം തലശ്ശേരി ടി. സി. പി. ടി. കോളേജിൽവെച്ചു ചേർന്നു. യോഗത്തിൽ കെ. അനന്തൻ മാസ്റ്റർ അദ്ധ്യക്ഷത വഹിക്കുകയും സിക്രട്ടറി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

തുടർന്നു് കെ. ആർ. ശ്രീധരൻ പ്രസംഗിച്ചു. ഡയറക്ടർക്കു് അയച്ചുകൊടുക്കേണ്ടതിലേക്ക സിലബസ് പരിഷ്കരണം മൂലം പാട്ടംടൈം ആയിത്തീർന്നിട്ടുള്ളവരും, പിരിച്ചുവിടപ്പെട്ടിട്ടുള്ളവരുമായ എല്ലാ ക്രാഫ്ട് അദ്ധ്യാപകരും അവരുടെ സ്റ്റേഷനും പേരും, എല്ലാ കമ്മ്യൂണിക്കേഷനും, ജോലി സ്ഥിരത(പ്രാർത്തൈം ഫുൾടൈം) മുതലായവ കാണിച്ചു് പ്രസിഡണ്ടു്, ഉത്തര കേരള ക്രാഫ്ട് ടീച്ചേഴ്സ് യൂനിയൻ, പോസ്റ്റ് രാമന്തളി, വഴി പയ്യന്നൂർ എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണമെന്നും യോഗം തീരുമാനിച്ചു.

....o....

ദക്ഷിണമേഖലയിലെ ആദ്യത്തെ മാമ്പഴ പ്രദർശനം

ന്യൂഡൽഹി മേ. 16

ദക്ഷിണ മേഖലയിലെ ആദ്യത്തെ മാമ്പഴപ്രദർശനം 1965 മേയ് 22, 23 തീയ്യതികളിൽ ഗോവയിൽ പഞ്ചിമിൽ നടത്തപ്പെടുന്നതാണ്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സംഘടിപ്പിക്കുന്ന ഈ പ്രദർശനം, മാവുകൃഷിക്കാക്കുള്ള ഒരു മത്സരമാണ്. രാജ